LIBRARY ARCHIVES Kerala Legislative Assembly

കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ കേന്ദ്രീകരിച്ച് ഡയാലിസിസ് യൂണിറ്റുകൾ

88 (795) ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വൃക്ക രോഗികളുടെ എണ്ണത്തിൽ ക്രമാതീതമായ വർദ്ധനവുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വൃക്ക രോഗികൾക്ക് ദീർഘകാലം ചെലവേറിയ ചികിൽസകൾ തുടരേണ്ടി വരുന്നതിനാൽ സാമ്പത്തിക പ്രയാസം അനുഭവിക്കുന്നത് പരിഹരിക്കാൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ ;

(സി) കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ കേന്ദ്രീകരിച്ച് ഡയാലിസിസ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വൃക്ക രോഗികളുടെ എണ്ണം ഏറിവരുന്നത് ബോദ്ധ്യപ്പെട്ടതിനാൽ സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ജില്ല/ജനറൽ ആശുപത്രികളിലും ഏതാനും താലൂക്കാശുപത്രികളിലും ചില സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും ഡയാലിസിസ് കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഈ കേന്ദ്രങ്ങളിൽ സാമ്പത്തിക പിന്നോക്കാവസ്ഥയുള്ളവർക്ക് പ്രത്യേക പരിഗണന ലഭിക്കുന്നുണ്ട്. RSBY-CHIS, CHIS plus പദ്ധതികൾ പ്രകാരം നിർദ്ധനരായ രോഗികൾക്ക് ഡയാലിസിസ് ഉൾപ്പെടെയുള്ള വൃക്കരോഗ ചികിത്സയ്ക്ക് ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നുണ്ട്. 18 വയസ്സുവരെ പ്രായമുള്ളവർക്ക് RBSK ആരോഗ്യകിരണം പദ്ധതിയുടെ കീഴിൽ സൗജന്യ ചികിത്സ ലഭ്യമാണ്. ലോട്ടറി വകുപ്പിന്റെ പദ്ധതിയായ കാരുണ്യ ബെനവലന്റ് ഫണ്ട് വഴി ഡയാലിസിസ് ഉൾപ്പെടെയുള്ള ചികിത്സയ്ക്ക് സാമ്പത്തിക സഹായം നൽകിവരുന്നു.

(സി) കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ ഡയാലിസിസ് യൂണിറ്റുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് ശിപാർശകളൊന്നും തന്നെ സർക്കാരിൽ ലഭിച്ചിട്ടില്ല